മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഡിസംബർ 16

# വാർത്താക്കുറിപ്പ്

---

## അന്താരാഷ്ട്ര കുടിയേറ്റ ദിനം ; സെമിനാർ സംഘടിപ്പിച്ചു

ഉന്നത വിദ്യാഭ്യാസ മേഖലകളിൽ വിവിധ വകുപ്പുകൾ സംയോജിച്ചുള്ള പഠന രീതികൾക്ക് പ്രാധാന്യം നൽകണമെന്ന് മഹാത്മാ ഗാന്ധി സർവകലാശാല പ്രൊ - വൈസ് ചാൻസലർ ഡോ. സി. ടി. അരവിന്ദകുമാർ പറഞ്ഞു.
അന്താരാഷ്ട്ര കുടിയേറ്റ ദിനത്തോടനുബന്ധിച്ച് സർവകലാശാലയിലെ അന്താരാഷ്ട്ര പഠന വിഭാഗത്തിൽ സെർബ് പ്രോജക്റ്റിന്റെ ഭാഗമായി സംഘടിപ്പിച്ച അന്ത്യരാഷ്ട്ര കോൺഫറൻസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

അന്താരാഷ്ട്ര കുടിയേറ്റത്തിൽ കാതലായ മാറ്റങ്ങൾ സംഭവിക്കുന്നതായും കൂട്ടത്തോടെയുള്ള കുടിയേറ്റം തൊഴിലാളികളുടെ ഭാഷ വൈദഗ്ധ്യത്തെ ബാധിക്കുന്നുണ്ടന്നും
ചടങ്ങിൽ അധ്യക്ഷത വഹിച്ച പ്രൊഫ എ.എം. തോമസ് പറഞ്ഞു.

മനുഷ്യാവകാശ പ്രവർത്തകൻ റെജിമോൻ കുട്ടപ്പൻ മുഖ്യ പ്രഭാഷണം നടത്തി.

കേരളത്തിലെ കുടിയേറ്റ തൊഴിലാളികളുടെ അവകാശങ്ങളെയും അവരുടെ ആരോഗ്യ പരിപാലനത്തിനായുള്ള സർക്കാർ നയങ്ങളെയും കുറിച്ച് ഡോ എം.വി. ബിജുലാൽ വിശദമാക്കി.

ഡോ പി.വി. നൗഷാദ്, ഡോ. ലിറാർ പുളിക്കലകത്ത്, ഡോ. എ. എ. ബിനോയ്, ജോസ് ദീപക്, ജെ. രേഖ, എ.വി. മുഹമ്മദ് ഉനൈസ്, ആഷ്ന ചെറിയാൻ, അനന്തുകൃഷ്ണ, നവാസ് എം. ഖാദർ എന്നിവർ സംസാരിച്ചു.

(പി.ആർ.ഒ./39/1751/2022)

## വാക്-ഇൻ- ഇന്റർവ്യൂ

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിൽ ഫാക്കൽറ്റി തസ്തികയിലേക്ക് കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

പൊളിറ്റിക്സ് ആന്റ് ഇന്റർനാഷണൽ റിലേഷൻ സിൽ ഓപ്പൺ വിഭാഗത്തിലും ഹ്യൂമൻ റൈറ്റ്സിൽ എസ്.ടി വിഭാഗത്തിലും ഒരോ ഒഴിവു വീതമാണുള്ളത്.

പ്രായപരിധി യു.ജി.സി. ചട്ട പ്രകാരമുള്ള അസിസ്റ്റന്റ് പ്രൊഫസർ നിയമനത്തിന്റേതായിരിക്കും. 70 വയസ്സ് കഴിഞ്ഞവരെ നിബന്ധനകൾക്ക് വിധേയമായി പരിഗണിക്കും.

അപേക്ഷകർക്ക് യു.ജി.സി. മാനദണ്ഡമനുസരിച്ചുള്ള യോഗ്യത ഉണ്ടായിരിക്കണം.

യൂ.ജി.സി. യോഗ്യതയുള്ളവർക്ക് ദിവസം 1750 രൂപ നിരക്കിൽ പ്രതിമാസം പരമാവധി 43750 രൂപയും അല്ലാത്തവർക്ക് ദിവസം 1600 രൂപ നിരക്കിൽ പ്രതിമാസം പരമാവധി 40000 രൂപയും ആയിരിക്കും വേതനം.

ഡിസംബർ 20 ന് 12 മണിക്ക് പ്രോ വൈസ് ചാൻസലറുടെ ചേംബറിൽ നടത്തുന്ന അഭിമുഖത്തിന്റെ അടിസ്ഥാനത്തിലായിരിക്കും നിയമനം.

താൽപര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും കോപ്പികളും സഹിതം ഒരു മണിക്കൂർ മുൻപ് ഇന്റർവ്യുവിന് ഹാജരാകണം.

വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ (www.mgu.ac.in).

-------------------------------------

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസിൽ സ്പെഷ്യൽ ടീച്ചർ തസ്തികയിൽ ദിവസ വേതന വ്യവസ്ഥയിൽ താൽക്കാലിക നിയമനത്തിനുള്ള വാക്ക് -ഇൻ-ഇൻറർവ്യൂ സിസംബർ 19 ന് രാവിലെ 10.30 ന് പ്രോ വൈസ് ചാൻസലറുടെ ചേംബറിൽ നടക്കും. 179 ദിവസത്തേക്കുള്ള നിയമനത്തിന് 1050 രൂപയാണ് ദിവസ വേതനം

പ്രീ ഡിഗ്രി അല്ലെങ്കിൽ തത്തുല്യ യോഗ്യതയും സ്പെഷ്യൽ എഡ്യുക്കേഷനിൽ ഒരു വർഷത്തെ അംഗീകൃത പരിശീലന പരിചയവുമാണ് അടിസ്ഥാന യോഗ്യത.

മാനസികവും ശാരീരികവുമായ വൈകല്യമുള്ള കുട്ടികൾക്ക് വേണ്ടി ഏതെങ്കിലും അംഗീകൃത സ്ഥാപനത്തിൽ രണ്ടു വർഷത്തിൽ കുറയാതെ ക്ലാസുകൾ നടത്തിയ പരിചയവുമുണ്ടായിരിക്കണം.

പ്രായപരിധി 2022 ജനുവരി ഒന്നിന് 36 വയസ് കവിയരുത്. പട്ടിക ജാതി, പട്ടിക വർഗ, പിന്നോക്ക വിഭാഗക്കാർക്ക് പ്രായപരിധിയിൽ നിയമാനുസൃതമായ ഇളവുകൾ ഉണ്ടായിരിക്കും.

ഓപ്പൺ വിഭാഗത്തിലും മുസ്ലിം വിഭാഗത്തിലും ഓരോ ഒഴിവുകൾ വീതമുണ്ട്.

താൽപര്യമുള്ളവർ വെള്ള പേപ്പറിൽ എഴുതിയ അപേക്ഷയോടൊപ്പം പ്രായം, വിദ്യാഭ്യാസ യോഗ്യ, പ്രവൃത്തി പരിചയം, ജാതി , അധിക യോഗ്യത എന്നിവയുടെ അസ്സൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളും സഹിതം ഡിസംബർ 19 ന് രാവിലെ 10 മണിക്ക് സർവകലാശാല അഡ്മിനിസ്ട്രേഷൻ വിഭാഗത്തിലുള്ള എഡി. എ 5 സെക്ഷനിൽ ഹാജരാകണം.

വിശദി വിവരങ്ങൾ വെബ്സൈറ്റിൽ (www.mgu.ac.in)

(പി.ആർ.ഒ./39/1752/2022)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ ബി.വോക് അഗ്രോ ഫുഡ് പ്രോസിംഗ് (2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019,2018 അഡ്മിഷനുകൾ സപ്ലിമെന്ററി - പുതിയ സ്കീം - ഡിസംബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഡിസംബർ 22 ന് കാഞ്ഞിരപ്പള്ളി സെന്റ് ഡോമിനിക്സ് കോളജിൽ നടക്കും.

---------------------------------------

രണ്ടാം സെമസ്റ്റർ എം.എസ്.സി. ഫുഡ് ടെക്നോളജി ആന്റ് ക്വാളിറ്റി അഷ്വറൻസ് (സി.എസ്.എസ്., 2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020,2019 അഡ്മിഷനുകൾ സപ്ലിമെന്ററി - ഒക്ടോബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഡിസംബർ 19 മുതൽ അതത് കോളേജുകളിൽ നടത്തും.

വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1753/2022)

## പരീക്ഷാ ഫലം

ഈ വർഷം ഏപ്രിലിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എ. പൊളിറ്റിക്കൽ സയൻസ് പി.ജി.സി.എസ്.എസ്(റഗുലർ,സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യ നിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഡിസംബർ 29 വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

---------------------------

കഴിഞ്ഞ വർഷം(2021) നവംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം.കോം. പി.ജി.സി.എസ്.എസ്. (2016,2017,2018 അഡ്മിഷനുകൾ സപ്ലിമെന്ററി, 2012,2013,2014,2015 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് സഹിതം ഡിസംബർ 29 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.

---------------------------------------------

ജൂലൈയിൽ നടന്ന രണ്ടാം വർഷ എം.എസ്.സി. മെഡിക്കൽ മൈക്രോബയോളജി (2016 അഡ്മിഷന് മുൻപ് മെഴ്സി ചാൻസ് - നോൺ സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

ഉത്തരക്കടലാസുകളുടെ സൂക്ഷ്മ പരിശോധനയ്ക്ക് നിശ്ചിത ഫീസ് സഹിതം ഡിസംബർ 30 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.

(പി.ആർ.ഒ./39/1754/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**